(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയെന്തെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

മുൻസർക്കാരിന്റെ കാലയളവിൽ വൈദ്യുതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരവും, നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു. കൂടാതെ 60,48,806 രൂപ ചെലവഴിച്ച് ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ കാര്യാലയ നിർമ്മാണം 25-11-2020-ൽ പൂർത്തിയാക്കിയിട്ടുണ്ട്. 66 കെ.വി. സബ്സ്റ്റേഷൻ ചങ്ങനാശ്ശേരിയിൽനിന്നും ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ സെക്ഷനുവേണ്ടി ഒരു 11 കെ.വി. ഫീഡർ ഔട്ട് ലെറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും 30-7-2019-ന് പൂർത്തീകരിക്കുകയും ചെയ്തു. ഇതിന് ചെലവഴിച്ച തുക 2,44,000. കൂടാതെ 66 കെ.വി. സബ്സ്റ്റേഷൻ ചങ്ങനാശ്ശേരി 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പദ്ധതിക്ക് സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിക്കുകയുണ്ടായി. എസ്റ്റിമേറ്റ് തുക: 15.8 കോടിരൂപ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി. ചെലവഴിച്ച തുക എത്രയെന്നും തദ്ദേശ ഭരണസ്ഥാപനങ്ങൾ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി നടപ്പിലാക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായ* ചേർക്കുന്നു.

## വൈദ്യുതി ലൈനിൽ അറ്റകുറ്റപ്പണി

209 (1939) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനിൽ അറ്റകുറ്റപ്പണി ചെയ്യുമ്പോൾ ലൈൻ ഓഫാക്കിയാലും ജനറേറ്റർ, ഇൻവെർട്ടർ എന്നിവ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ?

വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനുമുമ്പ് വൈദ്യുതിബന്ധം വിച്ഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂവെന്ന് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക് സൈറ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എർത്തിംഗ് രീതിയായ "ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്). വൈദ്യുതിലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാനടപടികളെക്കുറിച്ച് സുരക്ഷാമാനുവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സേഫ്റ്റി പോളിസി ആൻഡ് സേഫ്റ്റി പ്രൊസീജിയർ (വിതരണ മേഖല) ഭാഗം 2.2.9 സ്റ്റെപ് 12 പ്രതിപാദിക്കുന്നതുപോലെ, "ജോലി ചെയ്യുന്ന പോസ്റ്റുകളിലെ എല്ലാ സർവീസ് വയറുകളും ലൈനുകളും ശ്രദ്ധയോടെ അഴിച്ചുമാറ്റണം. സർവീസ് വയർ അഴിച്ചുമാറ്റുന്നതിനുമുമ്പ് ബന്ധപ്പെട്ട കൺസ്യൂമർ പ്രിമിസസിലെ മെയിൻ ഐസൊലേറ്റർ ഓഫ് ചെയ്താൽ", വൈദ്യുതി സർവീസ് വയർ വഴി ലൈനിലേയ്ക്ക് വരില്ല". ഇത് ഉറപ്പുവരുത്തിയാൽ കൺസ്യൂമർ പ്രിമിസസിലെ ഇൻവെർട്ടറുകൾ, ജനറേറ്ററുകൾ, സോളാർപാനലുകൾ എന്നിവയിൽ നിന്നുമുള്ള വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാൻകഴിയും. ഏതെങ്കിലും കൺസ്യൂമർ പ്രിമിസസിൽ നിന്നും ഗ്രിഡ് സപ്ലൈ ഓഫ് ചെയ്ത ശേഷവും, വൈദ്യുതി ലൈനിലേയ്ക്ക് പ്രവഹിച്ചാൽ, ഉടൻതന്നെ ആ പ്രിമിസസിലേയ്ക്കുള്ള സപ്ലൈ വിച്ഛേദിക്കേണ്ടതാണ്. (കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, റെഗുലേഷൻ 138 1(d)). നിലവിൽ ഗ്രിഡ് കണക്റ്റഡ് സോളാർ കണക്ഷനുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അനുമതിയോടു കൂടിയാണ് നൽകുന്നത്. 10 kw-നു മുകളിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും ആവശ്യമാണ്. എന്നാൽ 10 KVA-ക്കു താഴെയുള്ള ജനറേറ്ററുകൾ, സോളാർ ഇതര ഇൻവെർട്ടറുകൾ എന്നിവ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയോ അനുമതി നിലവിൽ വാങ്ങുന്നില്ല. അതിനാൽ ഇപ്രകാരം സ്ഥാപിക്കുന്ന ജനറേറ്ററുകൾ, ഇൻവെർട്ടറുകൾ എന്നിവയിൽ നിന്നും ഗ്രിഡ് സപ്ലൈ ഓഫ് ചെയ്താലും വൈദ്യുതി പ്രവാഹം ഉണ്ടാവാനുള്ള സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ " ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പിലാക്കി പണിയെടുത്താൽ അപകടം ഒഴിവാക്കാൻ കഴിയും.

(ബി) അപകട മരണങ്ങൾ സംഭവിക്കുന്നത് കണക്കിലെടുത്ത് വൈദ്യുതി വകുപ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അപകടമരണങ്ങൾ സംഭവിക്കുന്നത് കണക്കിലെടുത്ത് കെ.എസ്.ഇ.ബി.എൽ ഇതിനെക്കുറിച്ച് പഠനം നടത്തുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഓവർഹെഡ് കണ്ടക്ടർ പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാൻവേണ്ടി ഭാവിയിൽ എല്ലാ ലോ ടെൻഷൻ ലൈനുകളും സർവീസ് കണക്ഷനുകളും എൽ.ടി ഏരിയൽബഞ്ച്ഡ് കേബിൾ (LT ABC) ഉപയോഗിച്ച് നിർമ്മിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കാൻവേണ്ടി വൈദ്യുത സുരക്ഷയെക്കുറിച്ചുള്ള

പൊതുജന ബോധവത്കരണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, മീറ്റർ റീഡർമാർ, കുടുംബശ്രീ പ്രവർത്തകർ മുഖേന നൽകുന്നതിനായുള്ള നോട്ടീസ് നൽകിക്കഴിഞ്ഞു. കൂടുതൽ സെൻസിറ്റീവായ പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. 11 കെ.വി ലൈനിലെ തകരാർ കണ്ടുപിടിക്കുന്നതിനായി " Communicable Fault Pass Detector " എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തകരാർ ഉണ്ടാകുന്ന സമയത്ത് വിവരം SMS ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്‌വെയർ വഴി തകരാർ ഉണ്ടായ സ്ഥലം അറിയിക്കുന്നതിനുമുള്ള നൂതന സംവിധാനമാണിത്. കേരളത്തിലെ വൈദ്യുതിമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിന്റെ" ഭാഗമായി വൈദ്യുതി വിതരണമേഖല ലോകോത്തരമാക്കുന്നതിന് ‘ ദ്യുതി 2021’ എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടിട്ടുണ്ട്. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷികുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്റ്ററിംഗ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെകടന്നുപോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റിസ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക, ട്രാൻസ്ഫോറുകൾക്ക് സംരക്ഷണവേലി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് സുരക്ഷാ മാനുവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷാ നടപടികൾ പാലിക്കുന്നതിലെ വീഴ്ചമൂലമാണ് വൈദ്യുതിലൈനിൽ പണിയെടുക്കുമ്പോൾ അപകടങ്ങൾ സംഭവിക്കുന്നത്. വൈദ്യുത ലൈനിൽ അറ്റകുറ്റപ്പണി ചെയ്യുമ്പോൾ, ജനറേറ്റർ, ഇൻവെർട്ടർ എന്നിവയിലെ സർക്യൂട്ട് തകരാറ് കാരണം ബാക്ക് ഫീഡിംഗ് മൂലം അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്. പ്രസ്തുത അപകടങ്ങൾ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അന്വേഷിക്കുകയും അപകടങ്ങളും അവയുടെ കാരണങ്ങളും കൃത്യമായി പരിശോധിക്കുകയും ആയത് ആവർത്തിക്കാതിരിക്കാൻവേണ്ട സുരക്ഷാ സംവിധാനങ്ങളും ഉപകരണങ്ങൾ സ്ഥാപിക്കാൻവേണ്ട നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ-നും ഉടമസ്ഥനും നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly